# കേരളസർവകലാശാല

നം.പി.ആർ.17/2022

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദപ്രവേശനം 2021

### അവസാന ഘട്ട അലോട്ട്മെന്റ് 27.01.2022 ന്.

### നിലവിൽ അഡ്മിഷൻ ലഭിക്കാത്തവർക്ക് മാത്രം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള ജനറൽ സീറ്റുകളിലേക്ക് അവസാന ഘട്ട അലോട്ട്മെന്റ് 27.01.2022 ന് പ്രസിദ്ധീകരിക്കുന്നതാണ്. നിലവിൽ അഡ്മിഷൻ ലഭിക്കാത്തവർക്ക് മാത്രമാണ് അവസരം. ഒഴിവുള്ള സീറ്റുകളുടെ വിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 26.01.2022 വരെ വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിൽ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. പുതുതായി ഓപ്ഷൻ നൽകാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

27.01.2022 ന് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. വിദ്യാർത്ഥികൾ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക കോളേജിൽ അഡ്മിഷൻ എടുക്കേണ്ട തീയതി 28.01.2022.

ജനുവരി 31 ന് പി.ജി അഡ്മിഷൻ അവസാനിക്കുന്നതിനാൽ എല്ലാ പ്രിൻസിപ്പൽമാരും അഡ്മിഷൻ പോർട്ടലിൽ വിദ്യാർത്ഥികളെ നിശ്ചിത സമയത്തിനകം ഉൾപെടുത്തേണ്ടതാണ്.

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ സ്പോർട്സ് ക്വാട്ട പ്രവേശനം – സംബന്ധിച്ച്

### നിലവിൽ അഡ്മിഷൻ ലഭിക്കാത്തവർക്ക് മാത്രം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്ക് ഓപ്ഷൻ. ക്ഷണിക്കുന്നു.താൽപര്യമുള്ള വിദ്യാർത്ഥികൾ ഇമെയിൽ (**onlineadmission@keralauniversity.ac.in**) മുഖേനയോ സർവകലാശാലയിൽ നേരിട്ടോ ഓപ്ഷൻ നൽകാവുന്നതാണ്.

ഓപ്ഷൻ സമർപ്പിക്കേണ്ട അവസാന തിയതി 26.01.2022. നിലവിൽ അഡ്മിഷൻ ലഭിക്കാത്തവർക്ക് മാത്രമാണ് അവസരം. റാങ്ക് ലിസ്റ്റ് 27.01.2022 ന് പ്രസിദ്ധീകരിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള കൗൺസിലിംഗ് 28.01.2022–ന് അതാത് കോളേജുകളിൽ നടക്കും. പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ 28.01.2022–ന് 10 മണിക്ക് മുമ്പായി അതാത് കോളേജുകളിൽ എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരായിരിക്കണം.

ജനുവരി 31 ന് പി.ജി അഡ്മിഷൻ അവസാനിക്കുന്നതിനാൽ എല്ലാ പ്രിൻസിപ്പൽമാരും അഡ്മിഷൻ പോർട്ടലിൽ വിദ്യാർത്ഥികളെ നിശ്ചിത സമയത്തിനകം ഉൾപെടുത്തേണ്ടതാണ്.

## സന്ദർശകർക്ക് പൂർണ്ണ വിലക്ക്

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കേരളസർവകലാശാല സന്ദർശകർക്ക് പൂർണ്ണ വിലക്കേർപ്പെടുത്തിയിരിക്കുന്നു. അന്വേഷണങ്ങൾക്ക് 9188526670,9188526671,9188526674,9188526675 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

കോവിഡ് വ്യാപന പശ്ചാത്തലത്തിൽ കേരളസർവകലാശാലയുടെ പാളയം,കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന ക്യാഷ് കൗണ്ടറുകളിൽ ജനുവരി 24 മുതൽ **VIRTUAL TOKEN** സമ്പ്രദായം വഴി ഫീസ് അടക്കാൻ സാധിക്കുകയുള്ളൂ. സർവകലാശാലയിൽ നിന്ന് ലഭിക്കുന്ന അപേക്ഷാഫോറങ്ങളുടെ വിതരണവും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തിവച്ചിരിക്കുന്നു.അപേക്ഷാഫോറത്തിനും(**https://www.keralauniversity.ac.in/application-forms)** ടോക്കൺ (**https://pay.keralauniversity.ac.in/kupay/home**) സർവ്വകലാശാലയുടെ വെബ്സൈറ്റിൽ സന്ദർശിക്കുക.

## പരീക്ഷാഫലം

കേരളസർവകലാശാല കമ്പൈൻഡ് ഒന്ന്,രണ്ട് സെമസ്റ്റർ ബി.ടെക് ഡിഗ്രി സപ്ലിമെന്ററി പരീക്ഷ ഡിസംബർ 2020 (2008 &2013 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ പഠനം വഴി 2021 മാർച്ച് മാസത്തിൽ നടത്തിയ എം.എ പൊളിറ്റിക്കൽ സയൻസ് ( പ്രീവിയസ് ആൻഡ് ഫൈനൽ, ആന്വൽ സ്കീം) സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/വൈവ–വോസി പരീക്ഷകൾ

കേരളസർവകലാശാല 2021 ഡിസംബർ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്.സി കെമിസ്ട്രി/ അനലിറ്റിക്കൽ / പോളിമർ കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2022 ജനുവരി 27 മുതൽ ഫെബ്രുവരി 8 വരെ അതാത് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരി മാസം നടത്തിയ രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി (**PGDGIST**)പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ–വോസി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 നവംബർ മാസത്തിൽ നടത്തിയ ആറ്,എട്ട്, പത്ത് സെമസ്റ്റർ അഞ്ചുവർഷ ഇന്റ ഗ്രേറ്റഡ് എം.ബി.എ (ബി.എം-എം.എ.എം) പരീക്ഷകളുടെ പ്രോജക്ട്, വർക്ക് എക്സ്പീരിയൻസ്, പ്രോജക്ട് ആൻഡ് കോംപ്രിഹെൻസീവ് വൈവകളുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കിയ പരീക്ഷാ തീയതി

കേരളസർവകലാശാല ജനുവരി 14 മുതൽ 24 വരെ നടത്താനിരുന്ന പരീക്ഷകൾ ജനുവരി 25 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
22.01.2022

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**